# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ

Farm Information Bureau

Agriculture Development and Farmer's Welfare Department
GOVERNMENT OF KERALA

Chief Editor : ASA S KUMAR Editor : Dr BINU HARRIET IVAN

Farm Information Bureau, Kowdiar, Thiruvananthapuram – 695003
Website : fibkerala.gov.in; E-mail : piofibvm@gmail.com, fibnewstvm@gmail.com
Telephone : 0471 – 2318186, 2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

# എഫ് ഐ ബി കാർഷികവാർത്തകൾ (FIB FARM NEWS)-04/09/2023.

1. കാർഷിക സർവകലാശാല കാർഷിക കോളേജിൽ അസോസ്പൈറില്ലം, അസറ്റോബാക്ടർ റൈസോബിയം, മൈക്കോറൈസ, പി.എസ്.ബി തുടങ്ങിയ ജൈവ വളങ്ങളും ട്രൈക്കോഡർമ സ്യൂഡോമോണാസ് തുടങ്ങിയ ജൈവ കീടനാശിനികളും വിൽപ്പനക്ക് തയ്യാറാണ്. കൂടുതൽ വിവരങ്ങൾക്ക് ഫോൺ നമ്പർ:0487 2438674

2. റബ്ബർബോർഡ് നടത്തുന്ന വെർച്വൽ ട്രേഡ് ഫെയറി (വിടിഎഫ്)-ന്റെ നാലാം പതിപ്പിന് 2023 ഒക്ടോബറിൽ തുടക്കം കുറിക്കുന്നു. ഇന്ത്യൻ റബ്ബറുത്പന്നനിർമ്മാതാക്കൾക്ക് അവരുടെ ഉത്പന്നങ്ങൾ ഉപഭോക്താക്കൾക്കിടയിൽ കുറഞ്ഞ ചെലവിൽ പ്രദർശിപ്പിക്കുന്നതിനും ബ്രാൻഡ് നിർമ്മാണത്തിനുമുള്ള അവസരം റബ്ബർബോർഡിന്റെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രദർശിപ്പിക്കുന്ന വെർച്വൽ ട്രേഡ് ഫെയർ ഒരുക്കുന്നു. ആഭ്യന്തര-അന്തർദേശീയ വിപണികളിൽ രാജ്യത്തെ റബ്ബറുത്പന്നങ്ങൾ എത്തിക്കുന്നതിനുള്ള ചെലവ് കുറഞ്ഞ ഡിജിറ്റൽ പ്ലാറ്റ്ഫോമായാണ് വെർച്വൽ ട്രേഡ് ഫെയർ. വിടിഎഫ് നാലാംപതിപ്പിൽ ഒരു വർഷത്തേക്കുള്ള സ്റ്റാൾ വാടക 5000 രൂപ( 18% ജിഎസ്ടി പുറമെ)യാണ്. റബ്ബറിന്റെയും റബ്ബറുത്പന്നങ്ങളുടെയും കയറ്റുമതിക്കാർക്ക് നാലാം പതിപ്പിനായി ഇപ്പോൾ സ്റ്റാളുകൾ ബുക്ക് ചെയ്തുതുടങ്ങാം. ബന്ധപ്പെടേണ്ട നമ്പർ: 0481 2353790/2353311 ഇമെയിൽ: marketpromotion@rubberboard.org.in

## പരിശീലന പരിപാടി

3. തേനീച്ചവളർത്തലിൽ റബ്ബർബോർഡ് നടത്തുന്ന ഓൺലൈൻ ഏകദിനപരിശീലനം 2023 സെപ്റ്റംബർ 5-ന് രാവിലെ 10.30 മുതൽ ഉച്ചയ്ക്ക് 12.30 വരെ നടക്കും. റബ്ബർതോട്ടങ്ങളിൽനിന്നുള്ള അധികവരുമാനമാർഗ്ഗം എന്ന നിലയ്ക്കാണ് ഈ വിഷയത്തിൽ പരിശീലനം സംഘടിപ്പിച്ചിരിക്കുന്നത്. പരിശീലനമാധ്യമം മലയാളം ആയിരിക്കും. പരിശീലനം സംബന്ധിച്ച കൂടുതൽ വിവരങ്ങൾക്ക് 9447710405 എന്ന ഫോൺ നമ്പരിലോ 04812351313 എന്ന വാട്സ്ആപ്പ് നമ്പരിലോ ബന്ധപ്പെടുക.

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

# FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
Website: fibkerala.gov.in
E-mail:piofibtvm@gmail.com
Telephone: 0471 – 2318186, 2317314

4. കേരള കാർഷിക സർവ്വകലാശാല ഇ-പഠന കേന്ദ്രം "ശീതകാല പച്ചക്കറി കൃഷി" വിഷയത്തിൽ തയ്യാറാക്കിയ മാസ്സിവ് ഓപ്പൺ ഓൺലൈൻ കോഴ്സിലേക്കുള്ള പുതിയ ബാച്ച് സെപ്റ്റംബർ 11 ന് ആരംഭിക്കുന്നു. കേരള കാർഷിക സർവ്വകലാശാലയിലെ ശാസ്ത്രജ്ഞരാണ് കോഴ്സ് കൈകാര്യം ചെയ്യുന്നത്. താൽപ്പര്യമുള്ളവർ സെപ്റ്റംബർ 10 നകം കോഴ്സിൽ പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്. 20 ദിവസം ദൈർഘ്യമുള്ള കോഴ്സ് മലയാളത്തിലാണ് പരിശീലിപ്പിക്കുന്നത്. ഒൻപത് സെഷനുകളിലായി തയ്യാറാക്കിയ കോഴ്സ് കെ.എ.യു. MOOC പ്ലാറ്റ്ഫോമിലൂടെ പ്രയോജനപ്പെടുത്താവുന്നതാണ്. ഫൈനൽ പരീക്ഷ പാസ്സാവുന്ന പഠിതാക്കൾക്ക് നിശ്ചിത ഫീസ് ഈടാക്കി സർട്ടിഫിക്കറ്റും നൽകുന്നതാണ്. www.celkau.in/MOOC/Default.aspx എന്ന ലിങ്കിൽ ക്ലിക്ക് ചെയ്ത് ഈ മാസ്സിവ് ഓപ്പൺ ഓൺലൈൻ കോഴ്സില് രജിസ്റ്റർ ചെയ്യാം. രജിസ്റ്റർ ചെയ്തവർക്ക് സെപ്റ്റംബർ 11 മുതൽ 'പ്രവേശനം' എന്ന ബട്ടൺ ക്ലിക്ക് ചെയ്ത് യുസർ ഐ ഡി യും പാസ്സ്‌വേർഡും ഉപയോഗിച്ച് ക്ലാസ്സുകളിൽ പങ്കെടുക്കാവുന്നതാണ്.

5. **മൃഗസംരക്ഷണ നിർദ്ദേശം - കറവപ്പശുക്കളിൽ അകിടുവീക്കം** -അതിമാരകമായചില ബാക്ടീരിയകളാണ് അകിടുവീക്ക രോഗത്തിന് കാരണം. വൃത്തിഹീനമായ തൊഴുത്തിൽ നിന്നും, അണുക്കളുടെ വാഹകരായ ഈച്ച, കൊതുക്, കീടങ്ങൾ എന്നിവയിൽ നിന്നും അകിടിലേക്ക് അണുബാധയുണ്ടാകുന്നു. അകിടിന്റെ ഒരുകാമ്പിൽ നിന്നും മറ്റു കാമ്പുകളിലേക്കും ഒരു പശുവിൽ നിന്നും മറ്റു പശുക്കളിലേക്കും രോഗം പടരാം.പാൽ സാധാരണ വെള്ള നിറം മാറി മഞ്ഞ നിറം കലർന്ന ദ്രാവകമായിമാറുന്നു. തീറ്റയെടുക്കാൻ വിമുഖത, ഗർഭമലസൽ, കടുത്ത പനി എന്നിവയാണ് മറ്റു ലക്ഷണങ്ങൾ. ചികിത്സ ലഭിക്കാതിരുന്നാൽ അകിടിന്റെ പാലുൽപാദന ക്ഷമത പൂർണ്ണമായി നശിച്ചു പോകുവാനും, പശു കിടപ്പിലായി മരണം വരെ സംഭവിക്കാനും സാധ്യതയുണ്ട്. രോഗം വരുന്നത് തടയാനായി പശുക്കളുടെയും പരിസരങ്ങളുടെയും ശുചിത്വം എപ്പോഴും ഉറപ്പുവരുത്തുക. പ്രാണിശല്യം നിയന്ത്രിക്കുക, പശുക്കൾക്ക് രോഗപ്രതിരോധ ശേഷി നൽകുന്ന ടോണിക്കുകൾ നൽകുക. രോഗലക്ഷണങ്ങൾ കാണുകയാണെങ്കിൽ അടുത്തുള്ള മൃഗാശുപത്രിയുമായി ബന്ധപ്പെടുക. പ്രാരംഭഘട്ടത്തിൽ തന്നെ ചികിത്സ നൽകിയാൽ രോഗം ഫലപ്രദമായി നിയന്ത്രിക്കാം.